ഓൺലൈൻവഴിയും കൂടാതെ ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽനിന്നും നേരിട്ട കറവ് ചെയ്യുന്ന ECS സമ്പ്രദായം എന്നിവയിലൂടെ വെള്ളക്കരം ഒടുക്കുന്നതിനുള്ള സൗകര്യം.

2. വെബ് സൈറ്റിലൂടെ ഉപഭോക്താവിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നത്, ഉപാഭോക്താക്കളുമായി ബന്ധപ്പെട്ട മറ്റുസേവനങ്ങളായ ഉടമസ്ഥ കൈമാറ്റം, മീറ്റർ മാറ്റിവയ്ക്കൽ, ഡിസ്കണക്ഷനും റീ-കണക്ഷനും, വിഭാഗമാറ്റം, ആൾട്ടറേഷൻ, പുതിയ കണക്ഷനുമായി ബന്ധപ്പെട്ടകാര്യങ്ങൾ മുതലായവ പ്രസ്തുത സംവിധാനംവഴി നടപ്പിലാക്കിനൽകുന്നു.

(ഡി)

1. ജലഅതോറിറ്റിയുടെ എല്ലാ റവന്യൂ ഓഫീസുകളിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

2. എല്ലാ ഓഫീസുകളേയും ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തിവരുന്നു. ഇപ്പോൾ 66 സെക്ഷൻ ഓഫീസുകളിലും 47 സബ് ഡിവിഷനുകളിലും ഈ സൗകര്യം നിലവിൽ ഉണ്ട്.

3. ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.

4. ഓഫീസുകൾക്കുള്ള ദൈനംദിന സഹായങ്ങളും നിർദ്ദേശങ്ങളും കേന്ദ്രീകൃതമായി ഡാറ്റാ ബേസ് അഡ്മിനിസ്ട്രേഷൻ യൂണിറ്റിൽനിന്നും നൽകിവരുന്നു.

അണക്കെട്ടുകളുടെ സുരക്ഷ

112 (2321) ശ്രീ.സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനത്തിനുപയോഗിക്കുന്ന അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന കാലാകാലങ്ങളിൽ നടത്താറുണ്ടോ ; എങ്കിൽ അവസാനം നടത്തിയ പരിശോധനയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പരിശോധന നടത്തുന്ന വിദഗ്ധ സമിതിയുടെ ഘടന എപ്രകാരമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സുരക്ഷാപരിശോധനയിൽ നവീകരണമോ ഡീ-കമ്മീഷനിങ്ങോ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) അണക്കെട്ടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും ലോക ബാങ്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന; കേരള ഡാം സുരക്ഷാ അതോറിറ്റിയും (KDSA) ഡാം സേഫ്റ്റി റിവ്യൂ പാനലും (DSRP) ഡാം സേഫ്റ്റി ഓർഗനൈസേഷനും (DSO) കാലാകാലങ്ങളിൽ നടത്താറുണ്ട്. കേരള ഡാം സുരക്ഷാ അതോറിറ്റി (KDSA) 25-5-2015-ൽ തെന്മല പരപ്പാർ ഡാമിൽ പരിശോധന നടത്തുകയും തെന്മല ഡാമിന്റെ അപ്സ്ട്രീം പ്രതലത്തിൽ കണ്ടെത്തിയ ദ്വാരങ്ങൾ അടയ്ക്കുന്നതിനും അടിയന്തര പ്രാധാന്യംനൽകി ചെയ്യേണ്ട അറ്റകുറ്റ പണികൾ എറണാകുളം ആസ്ഥാനമായിട്ടുള്ള അക്വാസ്പേസ് ഡൈവിംഗ് സർവ്വീസസ് എന്ന സ്ഥാപനം മുഖേന നടത്തുന്നതിനും കേരള ഡാം സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഡാം സേഫ്റ്റി ഓർഗനൈസേഷൻ 11-3-2015, 12-3-2015 എന്നീ തീയതികളിലായി കാരാപ്പുഴ-കുറ്റ്യാടി എന്നീ ഡാമുകളിൽ പരിശോധന നടത്തിയിട്ടുണ്ട്.

ഡാം സേഫ്റ്റി ഓർഗനൈസേഷൻ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ കാരാപ്പുഴ-കുറ്റ്യാടി ഡാമുകളിലെ ശോചനീയമായ അവസ്ഥയും ശരിയായ മേൽ നോട്ടത്തിന്റെ അഭാവവും ചൂണ്ടിക്കാട്ടുകയും പ്രശ്നപരിഹാരത്തിന് അടിയന്തരമായി ചെയ്യേണ്ടുന്ന നടപടികൾ ഏതൊക്കെയെന്ന് കണ്ടെത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കേരള ഡാം സുരക്ഷാ അതോറിറ്റിയുടെ ഘടന സംബന്ധിച്ച വ്യവസ്ഥകൾ "The Kerala Irrigation and Water Conservation Act- ലെ സെക്ഷൻ 58-ൽ നിഷ്കർഷിച്ചിട്ടുണ്ട്. (ഘടന സംബന്ധിച്ച വ്യവസ്ഥകൾ അനുബന്ധം I-ൽ വിശദീകരിച്ചിട്ടുണ്ട്.)*

ജലസേചന വകുപ്പിന്റെകീഴിൽ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ (DRIP) ഭാഗമായി രൂപീകരിച്ച ഡാം സേഫ്റ്റി റിവ്യൂ പാനലും, ഡാം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സേഫ്റ്റി ഓർഗനൈസേഷനും ഡാമുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന നടത്തുന്നതിനായി നിലവിലുണ്ട്, സി.ഡബ്ല്യു.സി. മുൻ ചെയർമാൻ ശ്രീ. ആർ. സി.ത്ധ ചെയർമാനായ ഡാം സേഫ്റ്റി റിവ്യൂ പാനലിൽ ശ്രീ. ബി. എം. ഉപാധ്യായ (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ ഡാം സേഫ്റ്റി സി.ഡബ്ല്യു.സി) ശ്രീ. ടി. പി. സിംഗ് (ചീഫ് എഞ്ചിനീയർ (റിട്ടയേർഡ്) (ഡിസൈൻസ്) സി.ഡബ്ല്യു.സി.), ശ്രീ. എസ്സ്. ആർ. ടോളി (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ, സി.ഡബ്ല്യു.സി.), ഡോ. എ. കോമളവല്ലിയമ്മ ചീഫ് എഞ്ചിനീയർ, (റിട്ടയേർഡ്), ശ്രീ. രാജഗോപാലൻ (റിട്ടയേർഡ് ഡയറക്ടർ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ), ശ്രീ. എം. കെ. പരമേശ്വരൻ നായർ [മെമ്പർ (റിട്ടയേർഡ്), സിവിൽ, കെ.എസ്.ഇ.ബി] എന്നിവർ അംഗങ്ങളാണ്. ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ ചെയർമാനായ ഡാം സേഫ്റ്റി ഓർഗനൈസേഷനിൽ ചീഫ് എഞ്ചിനീയർ (പ്രോജക്ട്-1), ചീഫ് എഞ്ചിനീയർ (പ്രോജക്ട്-2), ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ഐ,ഡി. ആർ.ബി. ഡയറക്ടർ എന്നിവർ മെമ്പർമാരും ജോയിന്റ് ഡയറക്ടർ, ഡാം സേഫ്റ്റി (ഐ.ഡി.ആർ.ബി.) കൺവീനറുമാണ്.

(സി) കേരള ഡാം സുരക്ഷാ അതോറിറ്റിയും (KDSA) ഡാം സേഫ്റ്റി റിവ്യൂ പാനലും (DSRP) ഡാം സേഫ്റ്റി ഓർഗനൈസേഷനും (DSO) നടത്തിയിട്ടുള്ള സുരക്ഷാപരിശോധനകളിൽ ഡീ കമ്മീഷനിംഗ് ആവശ്യമാണെന്ന് കണ്ടെത്തിയിട്ടില്ല എന്നാൽ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും നവീകരണ പ്രവർത്തനങ്ങൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ജലസേചന വകുപ്പിന്റേയും വൈദ്യുതി ബോർഡിന്റേയും നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ, ബാരേജുകൾ, റഗുലേറ്ററുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനും അഭിവൃദ്ധിപ്പെടുത്തലിനുമായി ലോകബാങ്ക് സഹായത്തോടെ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി (DRIP) നടപ്പിലാക്കിവരുന്നു. സംസ്ഥാന ജലസേചന വകുപ്പിനും വൈദ്യുതി ബോർഡിനുംവേണ്ടി 280 കോടി രൂപ (പദ്ധതി കാലയളവിലെ നിരക്കുവർദ്ധനവ് ഉൾപ്പെടെ) ലോകബാങ്ക് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ 80% ലോകബാങ്ക് വായ്പയും 20% സംസ്ഥാന വിഹിതവുമാണ്. ലോകബാങ്കിന്റെ നിയന്ത്രണത്തിലുള്ള International Development Association (IDA), International Bank for Reconstruction and Development (IBRD) എന്നീ ഏജൻസികൾമുഖേന 50:50 എന്ന അനുപാതത്തിലാണ് ലോകബാങ്ക് വായ്പ ലഭ്യമാക്കുന്നത്. സങ്കീർണ്ണമായ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ മേൽനോട്ടവും ലോകബാങ്ക് വഹിക്കുന്നുണ്ട്.